"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള നഗരനയം 2026-2050 - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(കൈ) നം.53/2026/LSGD തീയതി,തിരുവനന്തപുരം, 14-02-2026

പരാമർശം:- 1. 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് പ്രസംഗം
2. 22.12.2023-ലെ സ.ഉ.(കൈ)നം.219/2023/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

കേരളത്തിന്റെ സവിശേഷമായ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുസൃതമായി നഗരവൽക്കരണത്തിന്റെ ദിശ നിശ്ചയിക്കുന്നതിനായി നഗരവൽക്കരണവുമായി ബന്ധപ്പെട്ട് നടക്കുന്ന ഏറ്റവും പുതിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നവകേരളത്തിന് സമഗ്രമായ ഒരു നഗരനയം രൂപീകരിക്കുന്നതാണെന്ന് 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടിന് അനുസൃതമായി ഒരു സമഗ്ര നഗര നയം രൂപീകരിക്കുന്നതിനായി പരാമർശം-2 ലെ ഉത്തരവ് പ്രകാരം ആദ്യത്തെ കേരള അർബൻ പോളിസി കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. കമ്മീഷൻ സംസ്ഥാനം നേരിടുന്ന നഗരവൽക്കരണ വെല്ലുവിളികൾ ആഴത്തിൽ പരിശോധിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ചെയ്തശേഷം 30.03.2025-ന് റിപ്പോർട്ട് സമർപ്പിച്ചു.

(2) കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 2025 സെപ്റ്റംബർ 12,13 തീയതികളിൽ കൊച്ചിയിൽ വച്ചു നടന്ന കേരള അർബൻ കോൺക്ലേവിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും എത്തിയ ഈ മേഖലയിലെ വിദഗ്ധരുമായി ചർച്ച നടത്തുകയുണ്ടായി. ഈ കോൺക്ലേവിൽ ഉരുത്തിരിഞ്ഞ മുന്നൂറോളം നിർദ്ദേശങ്ങളും, അർബൻ പോളിസി കമ്മീഷൻ റിപ്പോർട്ടും, മുൻകാല അനുഭവങ്ങളും അടിസ്ഥാനമാക്കി കേരളത്തിന്റെ അടുത്ത 25 വർഷത്തേക്കുള്ള നഗര നയത്തിന് രൂപം കൊടുക്കുകയുണ്ടായി.

(3) മുകളിൽ പ്രസ്താവിച്ച പ്രകാരം രൂപം കൊടുത്ത നഗര നയം സർക്കാർ വിശദമായി പരിശോധിച്ച് **'കേരള നഗര നയം 2026-2050'** (Kerala Urban Policy 2026-2050) എന്ന പേരിൽ അംഗീകരിച്ച് ഉത്തരവാകുന്നു. ഇതിന്റെ ഇംഗ്ലീഷിലുള്ള

പകർപ്പ് ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർക്കുന്നു. മലയാള പരിഭാഷ താമസം വിനാ പ്രസിദ്ധീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളുടെയും അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർക്ക്
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം ഉൾപ്പെടെ)
എല്ലാ വകുപ്പു തലവന്മാർക്കും
എല്ലാ അർബൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി.) വകുപ്പ്
ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (വെബ് & ന്യൂ മീഡിയ) വകുപ്പ് - സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ വിഭാഗങ്ങളുടെയും സ്ഥാപനങ്ങളുടെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിന്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
Date: 16-02-2026 15:15:43
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ ബഹു. മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്